**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 998** **14-10-2026-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം ലഭിക്കുന്ന സബ്സിഡി മണ്ണെണ്ണയുടെ അളവ് എത്രയാണെന്നും മണ്ണെണ്ണയുടെ സബ്സിഡി അവർക്ക് ലഭ്യമാകുന്നത് എങ്ങനെയാണെന്നും വിശദമാക്കാമോ;

**മറുപടി:** മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് കേരളത്തിലെ തീരപ്രദേശങ്ങളിലുള്ള 13 മണ്ണെണ്ണ ബങ്കുകൾ മത്സ്യഫെഡിന് നിലവിലുണ്ട്. മണ്ണെണ്ണ പെർമിറ്റ് കാർഡുള്ള മത്സ്യത്തൊഴിലാളികൾക്ക് അവരുടെ എഞ്ചിന്റെ കുതിരശക്തി (HP) അനുസരിച്ചുള്ള നിശ്ചിത പരിധി സബ്സിഡി മണ്ണെണ്ണ വിതരണം ചെയ്യുന്നു. നിലവിൽ 10 HP- ൽ താഴെയുള്ള എഞ്ചിനുകൾക്ക് പ്രതിമാസം 140 ലിറ്റർ വരെയും, 10-15 HP വരെയുള്ള എഞ്ചിനുകൾക്ക് 150 ലിറ്റർ വരെയും, 15 HP-ൽ കൂടുതലുള്ള എഞ്ചിനുകൾക്ക് 190 ലിറ്റർ വരെയും സബ്സിഡി മണ്ണെണ്ണ അനുവദിച്ച് നൽകുന്നു.

മണ്ണെണ്ണ ബങ്കിൽ നിന്നും മണ്ണെണ്ണ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ മത്സ്യഫെഡ് ജില്ലാ ഓഫീസുകളിൽ ശേഖരിക്കുകയും, ജില്ലാ ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ കേന്ദ്ര ഓഫീസിൽ ക്രോഡീകരിച്ച് ഫിഷറീസ് ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നതനുസരിച്ച് ഡയറക്ടറേറ്റിൽ നിന്ന് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മണ്ണെണ്ണയുടെ സബ്സിഡി തുക DBT (Direct Beneficiary Transfer) മുഖേന വിതരണം ചെയ്യുന്നു. ഇതിനു കാല താമസം നേരിടാറില്ല.

**(ബി)** മണ്ണെണ്ണ വാങ്ങി എത്ര നാളുകൾക്കുശേഷമാണ് സബ്സിഡി മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് എത്തുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് കേരളത്തിലെ തീരപ്രദേശങ്ങളിലുള്ള 13 മണ്ണെണ്ണ ബങ്കുകൾ മത്സ്യഫെഡിന് നിലവിലുണ്ട്. മണ്ണെണ്ണ പെർമിറ്റ് കാർഡുള്ള മത്സ്യത്തൊഴിലാളികൾക്ക് അവരുടെ എഞ്ചിന്റെ കുതിരശക്തി (HP) അനുസരിച്ചുള്ള നിശ്ചിത പരിധി സബ്സിഡി മണ്ണെണ്ണ വിതരണം ചെയ്യുന്നു. നിലവിൽ 10 HP- ൽ താഴെയുള്ള എഞ്ചിനുകൾക്ക് പ്രതിമാസം 140 ലിറ്റർ വരെയും, 10-15 HP വരെയുള്ള എഞ്ചിനുകൾക്ക് 150 ലിറ്റർ വരെയും, 15 HP-ൽ കൂടുതലുള്ള എഞ്ചിനുകൾക്ക് 190 ലിറ്റർ വരെയും സബ്സിഡി മണ്ണെണ്ണ അനുവദിച്ച് നൽകുന്നു.

മണ്ണെണ്ണ ബങ്കിൽ നിന്നും മണ്ണെണ്ണ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ മത്സ്യഫെഡ് ജില്ലാ ഓഫീസുകളിൽ ശേഖരിക്കുകയും, ജില്ലാ ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ കേന്ദ്ര ഓഫീസിൽ ക്രോഡീകരിച്ച് ഫിഷറീസ് ഡയറക്ടേറ്റിൽ ലഭ്യമാക്കുന്നതനുസരിച്ച് ഡയറക്ടേറ്റിൽ നിന്ന് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മണ്ണെണ്ണയുടെ സബ്സിഡി തുക DBT (Direct Beneficiary Transfer) മുഖേന വിതരണം ചെയ്യുന്നു. ഇതിനു കാല താമസം നേരിടാറില്ല.

**(സി)** ഇപ്രകാരം മണ്ണെണ്ണയുടെ സബ്സിഡി അക്കൗണ്ടിലെത്താൻ വൈകുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രയാസം സൃഷ്ടിക്കുന്നതിനാൽ മണ്ണെണ്ണ വാങ്ങുമ്പോൾ നൽകുന്നതിൽ നിന്നും സബ്സിഡി തുക കുറച്ചിട്ടുള്ള വിലയ്ക്ക് മണ്ണെണ്ണ ലഭ്യമാക്കുന്നതിന് സാധിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** മണ്ണെണ്ണ വാങ്ങുന്ന സമയത്ത് തന്നെ സബ്സിഡി തുക കുറവ് ചെയ്ത് നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**